നഗര മാലിന്യങ്ങൾ ഉപയോഗിച്ച് ജൈവവളം ഉൽപ്പാദിപ്പിക്കാൻ നടപടി

212 (4282) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കൃഷിവകുപ്പിനു കീഴിൽ, നഗരമാലിന്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ജൈവവളം ഉൽപ്പാദിപ്പിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അത്തരം സംരംഭം ആരംഭിക്കുന്നതിന് വകുപ്പ് മുൻകൈയെടുക്കുമോയെന്നറിയിക്കുമോ ?

ഉത്തരം

കൃഷിവകുപ്പ് നഗരമാലിന്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ജൈവവളം ഉൽപ്പാദിപ്പിക്കുന്നില്ല. പരിശോധിക്കാവുന്നതാണ്.

കൃഷി ഓഫീസുവഴി വിതരണം ചെയ്യുന്ന ആനുകൂല്യങ്ങൾ

213 (4283) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പഞ്ചായത്തുകളിലെ കൃഷി ഓഫീസുവഴി നെൽകർഷകനെ പ്രോത്സാഹിപ്പിക്കുവാൻ എന്തെങ്കിലും ആനുകൂല്യം നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം നൽകാമോ ;

(ബി) പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുവാൻവേണ്ടി കൃഷി ഓഫീസ് വഴി സർക്കാർ എന്തൊക്കെ പദ്ധതികളും ആനുകൂല്യങ്ങളുമാണ് നൽകി വരുന്നത്, അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) തെങ്ങ് കൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് കൈകൊണ്ടിട്ടുള്ളത്, അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ വഴി താഴെ പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു.

I സമഗ്ര നെൽകൃഷി വികസന പദ്ധതി/ഭക്ഷ്യ സുരക്ഷാ പദ്ധതി

1. ഗ്രൂപ്പ് ഫാമിംഗ് ശക്തിപ്പെടുത്തുന്നതിന് ഹെക്ടർ ഒന്നിന് 15,00 രൂപ ധനസഹായം

2. കരനെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 5,000 രൂപ ധനസഹായം

3. തരിശുഭൂമി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഹെക്ടർ ഒന്നിന് 5,000 രൂപ ധനസഹായം

4. അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള സഹായം

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

II രാഷ്ട്രീയ കൃഷി വികാസ് യോജന

1. തരിശുഭൂമി കൃഷിക്ക് ഹെക്ടർ ഒന്നിന് 12,000 രൂപ ധനസഹായം

2. ഹെക്ടറിൽ 500 കിലോ എന്ന തോതിൽ ഉല്പാദനം വർദ്ധിപ്പിക്കുന്ന ഊർജ്ജിത പ്രവർത്തനങ്ങൾക്ക് ഹെക്ടർ ഒന്നിന് 5,000 രൂപ ധനസഹായം.

III നെൽകൃഷിക്കായുള്ള മാക്രോ മാനേജ്മെന്റ് പദ്ധതി

1. പാക്കേജ് ഓഫ് പ്രാക്ടീസസ് അനുവർത്തിച്ചുകൊണ്ടുള്ള പ്രദർശന ത്തോട്ടം സജ്ജമാക്കുന്നതിന് 1 ഏക്കറിന് 2,500 രൂപ ധനസഹായം.

2. സിസ്റ്റം റൈസ് ഇന്റൻസിഫിക്കേഷന്റെ പ്രദർശനത്തോട്ടം സജ്ജമാക്കു ന്നതിന് ഒരു ഏക്കറിന് 3,000 രൂപ ധനസഹായം

3. അത്യുല്പാദനശേഷിയുള്ള വിത്തിന് 1 കിലോക്ക് 5 രൂപ ധനസഹായം

4. മിനികിറ്റിന് മുഴുവൻ വിത്തിനും ധനസഹായം

5. മൈക്രോന്യൂട്രിയന്റ്, കീടനാശിനി/ജൈവനാശിനി, കുമ്മായം എന്നിവയ്ക്കെല്ലാം ഹെക്ടർ ഒന്നിന് 500 രൂപ ധനസഹായം

ഇതിനുപുറമേ നെൽകർഷകർക്ക് ഒരു സീസണിൽ ഒരു ഹെക്ടർ വരെ ത്തിന് 350 രൂപ ഉല്പാദന ബോണസായും നൽകുന്നു. കാർഷിക ആവശ്യ ത്തിന് കൃഷിക്കാർ ഉപയോഗിക്കുന്ന വൈദ്യുതി ചാർജ് കൃഷി വകുപ്പ് നൽകുന്നുണ്ട്. നെൽകർഷകർക്ക് ഭൂപരിധിയില്ലാതെ ഈ ആനുകൂല്യം നല്കിവരുന്നു.

(ബി) സമഗ്ര പച്ചക്കറി വികസന പദ്ധതി, വനിത ഗ്രൂപ്പുകൾ മുഖേന ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി പച്ചക്കറി കൃഷി എന്നിവയാണ് പ്രധാനമായും കൃഷി ഭവൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ

1. 14 ജില്ലകളിലായി തെരഞ്ഞെടുക്കപ്പെട്ട 150 പഞ്ചായത്തുകളിലായി 1500 ഹെക്ടർ വരവത്ത് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ഹെക്ടർ ഒന്നിന് 15,000 രൂപ നിരക്കിൽ ആനുകൂല്യം കൃഷി നടപ്പിലാക്കുന്ന കർഷക ഗ്രൂപ്പുകൾക്ക് നൽകും.

2. തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെ സ്കൂളുകളിലും പച്ചക്കറി കൃഷി നടപ്പിലാക്കും. ഇതിനുവേണ്ടി സ്കൂൾ ഒന്നിന് 2,500 രൂപ നിരക്കിൽ 500 സ്കൂളുകൾക്ക് ധനസഹായം നൽകും.

3. തെരഞ്ഞെടുത്ത 125 സ്കൂളുകൾക്ക് ജലസേചന സൗകര്യം ഒരുക്കു ന്നതിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകും.

ഭക്ഷ്യ സുരക്ഷാ പദ്ധതിയിലെ പച്ചക്കറികൃഷി

1. വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് 15,000 രൂപ നിരക്കിൽ ധനസഹായം നൽകി 7500 ഹെക്ടർ സ്ഥലത്ത് കൃഷി

2. 500 ഹെക്ടർ സ്ഥലത്ത് ഇടവിള പച്ചക്കറി കൃഷി 7,500 രൂപ ധനസഹായം

3. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി

4. ചെറുകിട വിപണന യൂണിറ്റുകൾ

5. ഉത്സവകാല വിപണന മേളകൾ.

ഇതിനുപുറമേ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി പ്രകാരം ഈ വർഷം 2000 ഹെക്ടർ സ്ഥലത്ത് അധികമായി പച്ചക്കറി കൃഷിക്ക് 15,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതും കർഷക ഗ്രൂപ്പുകൾക്ക് നിലമൊരുക്കുന്നതിന് 140 ഗാർഡൻ ടില്ലറുകൾ സൗജന്യമായി വിതരണം ചെയ്യുന്നതുമാണ്.

(സി) സംസ്ഥാനാവിഷ്കൃത പദ്ധതികൾ

(കേരശ്രീ പദ്ധതി)

എറണാകുളം, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ ജില്ലകളിൽ രൂപീകരിച്ചിട്ടുള്ള ക്ലസ്റ്ററുകൾക്ക് ഒന്നാം വർഷ ധനസഹായമായി ഹെക്ടർ ഒന്നിന് 17,500 രൂപയും രണ്ടാം വർഷ ധനസഹായമായി 7,000 രൂപയും നൽകും.

നാളികേര വികസന ബോർഡ് പദ്ധതികൾ

1. തെങ്ങുകൃഷിയിടങ്ങളിലെ സംയോജിത കൃഷി രീതികൾ

പത്തനംതിട്ട, കോട്ടയം, ഇടുക്കി, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നടപ്പാക്കുന്നു. ഹെക്ടറിന് 17,500 രൂപ ധനസഹായം നൽകി പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതാണ് പ്രധാന ഘടകം. ഒന്നാം വർഷവും രണ്ടാം വർഷവും പ്രദർശനത്തോട്ടങ്ങൾക്ക് ധനസഹായം ലഭ്യമാക്കും.

2. തെങ്ങുകൃഷി പുനരുദ്ധാരണ സമഗ്ര പദ്ധതി

പൈലറ്റ് അടിസ്ഥാനത്തിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ ജില്ലകളിലെ 9 ബ്ലോക്കു പ്രദേശങ്ങളിലെ 56 പഞ്ചായത്തുകളിൽ 2009-10 മുതൽ നടപ്പിലാക്കിവരുന്നു. ഈ പദ്ധതി 2012-13 വരെ നീളുന്നതാണ്. കാറ്റുവീഴ്ച രോഗം രൂക്ഷമായി ബാധിച്ച 143.393 ലക്ഷം തെങ്ങുകൾ വെട്ടിമാറ്റുന്നതിനും 1.35 ലക്ഷം ഹെക്ടർ സ്ഥലത്ത് പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും 72.5 ലക്ഷം തെങ്ങിൻ തൈകൾ വെച്ചുപിടിപ്പിക്കാനും ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇതുവരെ 184340 രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റിയതിന് 614.89 ലക്ഷം രൂപ നാളികേര വികസന ബോർഡ് കർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly